# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

‘കഫേ കുടുംബശ്രീ’

3461 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ‘കഫേ കുടുംബശ്രീ’ സംരംഭത്തിന് തുടക്കമിട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംരംഭത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ് ;

(സി) പ്രസ്തുത സംരംഭം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീ പ്രസ്ഥാനം വിപുലീകരിക്കാൻ നയം</u>

3462 ശ്രീ. എം. എ. ബേബി
,, കെ. ദാസൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രസ്ഥാനം ഏതെല്ലാം നിലയിൽ ഇനി വിപുലീകരിക്കാം എന്ന് ആലോചിച്ചിട്ടുണ്ടോ ;

(ബി) മുൻസർക്കാരുകൾ തുടർന്നുവന്ന നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ കുടുംബശ്രീയ്ക്ക് തുല്യമായ സംവിധാനത്തിന് ശ്രമം നടത്തുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ; കുടുംബശ്രീയ്ക്ക് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വിപുലമായ പ്രവർത്തന സാദ്ധ്യതകളാണ് കുടുംബശ്രീയ്ക്കുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ലഘുവായ്പ സമ്പാദ്യപദ്ധതിയെ തകർക്കുന്ന നടപടികളിൽ നിന്ന് പിൻതിരിയാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

കുടുംബശ്രീ മാതൃകയിലെ സംഘടനകൾ

3463 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ പ്രസ്ഥാനത്തിൽ നിലവിൽ എത്ര പേർ അംഗങ്ങളായി ഉണ്ട്;

(ബി) ആയതിന്റെ ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കുടുംബശ്രീയുടെ മാതൃകയിലോ, സമാനമായ രീതിയിലോ മറ്റേതെങ്കിലും സംഘടനകൾ സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്രസർക്കാരിന്റെയോ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ ശാക്തീകരണം</u>

3464 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി അനുവദിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

കുടുംബശ്രീയ്ക്ക് സംസ്ഥാനതല സംയോജിത
മേൽനോട്ട സമിതി

3465 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയ്ക്ക് സംസ്ഥാനതല സംയോജിത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനതല സമിതിയിൽ നിയമസഭാ പ്രാതിനിധ്യമുള്ള ഓരോ രാഷ്ട്രീയ പാർട്ടിയുടെയും പ്രതിനിധികളായി എത്രപേരെ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്; അവർ ആരൊക്കെയാണ്;

(സി) ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ നിന്നും നിയമസഭയിലെ പ്രാതിനിധ്യത്തിനനുസൃതമായിട്ടല്ലാതെ എം. എൽ. എ. മാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) നിയമസഭയിൽ ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ള രാഷ്ട്രീയ പാർട്ടിയിൽ നിന്നും എത്ര അംഗങ്ങളെ സമിതിയിൽ ഉൾപ്പെടുത്തുകയുണ്ടായി;

(ഇ) സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീ പ്രവർത്തകരുടെ സമരത്തിന്റെ ഒത്തുതീർപ്പ് കരാർ</u>

3466 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ഒക്ടോബർ 2 മുതൽ 9 വരെ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ സഹന സമരം നടത്തിയ കുടുംബശ്രീ പ്രവർത്തകരുടെ സമരം ഒത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായി മന്ത്രിയും നേതാക്കളും ചേർന്ന് ഒപ്പ് വച്ച ഒത്തുതീർപ്പ് കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

കുടുംബശ്രീ മുഖേന തരിശുഭൂമിയിൽ കൃഷി

3467 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കൃഷിയിറക്കാൻ കുടുംബശ്രീയെ ഏൽപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയ്ക്കായി എത്ര ഏക്കർ തരിശുഭൂമി ഏതെല്ലാം ജില്ലകളിലായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) തരിശുഭൂമിയിൽ കൃഷി ഇറക്കുന്ന പദ്ധതി സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ വർഷം കുടുംബശ്രീവഴി എത്ര ഏക്കർ തരിശുഭൂമിയിൽ കൃഷി ഇറക്കാൻ സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കുടുംബശ്രീയ്ക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ലഭ്യമാക്കുവാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീക്കുള്ള ഫണ്ടുകൾ</u>

3468 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കുടുംബശ്രീക്കുവേണ്ടി നൽകിയ ഫണ്ടുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സമാന രീതിയിൽ മറ്റേതെങ്കിലും സംഘടനകൾക്ക് സർക്കാർ ഫണ്ട് ലഭ്യമാകുന്നുണ്ടോ;

(സി) എങ്കിൽ ആയതു സംബന്ധിച്ച എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീ - സി. ഡി. എസ് അക്കൗണ്ടന്റുമാരുടെ വേതനം</u>

3469 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ- സി. ഡി.എസ് അക്കൗണ്ടന്റുമാർക്ക് നിലവിൽ പ്രതിമാസം നല്കുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വേതനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ജോലിചെയ്യുന്ന അക്കൗണ്ടന്റുമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വിശപ്പുരഹിത നഗരം പദ്ധതി</u>

3470

ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിശപ്പുരഹിത നഗരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സികളാണ് ഈ പദ്ധതിയുടെ നടത്തിപ്പിന് സഹകരിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വിശപ്പ് രഹിത നഗര പദ്ധതി</u>

3471 ശ്രീ. എ. പ്രദീപ്കുമാർ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' എസ്. രാജേന്ദ്രൻ
'' കോലിയാക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശപ്പ്രഹിത നഗര പദ്ധതി എല്ലാ നഗരങ്ങളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരു നേരം പോലും ഭക്ഷണം കഴിക്കാൻ ഗതിയില്ലാത്ത ആയിരക്കണക്കായ ആളുകൾ എത്തുന്ന നഗരങ്ങൾ ഏറെയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ സർക്കാർ തുടക്കം കുറിച്ച ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം എന്തായിരുന്നു;

(സി) ഈ പദ്ധതി എല്ലാ നഗരങ്ങളിലും നടപ്പാക്കാൻ വേണ്ടിവരുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണ്; ഈ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്ന കോർപ്പറേഷൻ ഏതാണ്; ഏത് തീയതി മുതൽ പ്രതിദിനം എത്ര പേർക്ക് ഭക്ഷണം നൽകിവരുന്നു?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

ഇ.എം.എസ്. ഭവന പദ്ധതി

3472 ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകൾ പൂർത്തിയായി എന്നും എത്ര പൂർത്തിയാകാനുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയാകാതെ പണി സ്തംഭിച്ചു നില്ക്കുന്നതെന്തുകൊണ്ടാണെന്നും ഇവ പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ഇ. എം. എസ്. ഭവന പദ്ധതി</u>

3473 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) ഭൂരഹിതരും ഭവനരഹിതരുമായ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്;

(സി) ലക്ഷംവീട് കോളനികളിൽ എത്ര വീടുകൾ പ്രസ്തുത പദ്ധതിയിലൂടെ പുനർനിർമ്മിക്കുകയോ അറ്റകുറ്റപണികൾ നടത്തുകയോ ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകേണ്ട തുക</u>

3474 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകേണ്ട തുക ഏതെല്ലാം ജില്ലകളിൽ നൽകാനുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

ഇ.എം.എസ്. ഭവന പദ്ധതികള്‍ പുതുക്കുന്നതു സംബന്ധിച്ച മാര്‍ഗ്ഗരേഖ

3475 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാവപ്പെട്ടവര്‍ക്ക് വീട് നിര്‍മ്മാണത്തിനായി കഴിഞ്ഞ സര്‍ക്കാര്‍ ആരംഭിച്ച ഇ.എം.എസ്. ഭവന പദ്ധതി നിര്‍ത്തലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കില്‍ പദ്ധതി പുതുക്കുന്നത് സംബന്ധിച്ച് മാര്‍ഗ്ഗരേഖ പുറപ്പെടുവിക്കാന്‍ തയ്യാറാകുമോ ; എങ്കില്‍ എന്നത്തേക്ക് പുതുക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ചില തദ്ദേശ സ്ഥാപനങ്ങള്‍ മാര്‍ഗ്ഗരേഖ പുതുക്കുമെന്ന് പ്രതീക്ഷിച്ച് ഉപഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഫണ്ട് വകയിരുത്തിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതില്‍ സര്‍ക്കാര്‍ നിലപാടെന്താണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇ.എം.എസ്. ഭവന പദ്ധതിക്കായി ഇതിനകം എന്തു തുക അനുവദിച്ചെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>ഇ.എം.എസ്. ഭവന നിര്‍മ്മാണ പദ്ധതി</u>

3476 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയില്‍ ഇ.എം.എസ്. ഭവന നിര്‍മ്മാണ പദ്ധതിക്കു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കല്‍ നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

ഇ.എം.എസ് ഭവന പദ്ധതി - തുടർന്നും സാമ്പത്തിക സഹായം നൽകുവാനുള്ള നടപടി

3477 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്ഥാപനങ്ങൾ, പാവപ്പെട്ടവർക്കുള്ള പാർപ്പിട പദ്ധതിയായ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച് പണിചെയ്ത് വരുന്ന വീടുകൾക്ക് തുടർന്നും സാമ്പത്തിക സഹായം നൽകാൻ പാടില്ല എന്ന നിലപാട് ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; അതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ഇ.എം.എസ്. ഭവനപദ്ധതിക്കു പകരമുള്ള പദ്ധതികൾ

3478

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിക്കു പകരമായി മറ്റേതെങ്കിലും ഭവന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2012 മാർച്ച് 31 വരെ ഇ.എം.എസ്. ഭവന പദ്ധതിയിൽ കരാർവെച്ച് പണി തുടങ്ങിയ ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കാതെ വീടുപണി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാർവെച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത എത്ര പേർ ഉണ്ടെന്ന് വിശദമാക്കാമോ; ഇത് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഇ.എം.എസ്. ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ട് ഭവന ധനസഹായം ലഭിക്കാത്ത ആളുകൾക്ക് ഏതു പദ്ധതിയിൽ ഭവനം നൽകാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ഭവന നിർമ്മാണ പദ്ധതികൾ</u>

3479 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണ പദ്ധതികൾ നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിരവധി പാവപ്പെട്ടവർ താമസിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയ്ക്ക് ഭവനനിർമ്മാണ പദ്ധതികൾ ഇല്ലാത്ത പ്രശ്നത്തിന് പരിഹാരം കാണുന്നതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള ഓറഞ്ച് ഫാമിൽ നിന്നും പഞ്ചായത്ത് വകുപ്പ് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് വീട് നിർമ്മിച്ചു നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ഇ-പഞ്ചായത്ത് പദ്ധതി</u>

3480 ശ്രീ. സി. പി. മുഹമ്മദ്
,, അന്‍വര്‍ സാദത്ത്
,, വി. ഡി. സതീശന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ-പഞ്ചായത്ത് പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങള്‍ വര്‍ദ്ധിപ്പിക്കാന്‍ എന്തെല്ലാം നടപടികളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിയ്ക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി

3481 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, എളമരം കരീം
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷം എത്ര ഗഡുക്കളായി എന്ത് തുക എന്നൊക്കെ കൈമാറിയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി രൂപീകരണ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാതിരുന്നിട്ടുണ്ടോ; ഈ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി രൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ അനുവദിച്ച് കിട്ടിയ തുക പഞ്ചായത്തുകൾക്ക് ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥാവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് നടത്തിയ ഇടപെടലുകൾ എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ഡിജിറ്റൽ സൂപ്പർ ഹൈവേ സംവിധാനം

3482 ശ്രീ. വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് ഡിജിറ്റൽ സൂപ്പർ ഹൈവേ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്;

(ഡി) ഏതെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ</u>

3483 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി തരിശുഭൂമി പാട്ടത്തിനെടുത്തു നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഭൂമി നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ ലാന്റ് ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എന്തെല്ലാം ധനസഹായങ്ങളാണ് സംഘകൃഷിക്കുവേണ്ടി നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ലോകബാങ്ക് മുഖേന തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ</u>

3484 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ലോക ബാങ്ക് മുഖേന തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഈയിനത്തിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; ഇതിലൂടെ ഉണ്ടായ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പദ്ധതി നിർവ്വഹണ ചെലവ്</u>

3485 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ പദ്ധതി തയ്യാറാക്കി എത്ര സ്ഥാപനങ്ങൾ അംഗീകാരം നേടിയിട്ടുണ്ട് ;

(ബി) ഇതുവരെയുള്ള പദ്ധതി നിർവ്വഹണ ചെലവ് എത്ര ശതമാനമാണെന്ന് വിശദമാക്കുമോ ;

(സി) 2011-2012 സാമ്പത്തികവർഷത്തിൽ നവംബർ 30 വരെ എത്ര ശതമാനം തുക ചെലവഴിച്ചിരുന്നുവെന്ന് വിശദമാക്കുമോ ;

(ഡി) 2010-2011 -ൽ നവംബർ 30 വരെ എത്ര ശതമാനം ചെലവഴിച്ചിരുന്നു എന്നു വിശദമാക്കുമോ ;

(ഇ) ഏറ്റവും ആദ്യം പദ്ധതി മുഴുവനായി സമർപ്പിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപഹാരം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഉപഹാരമായി എന്താണു നൽകുവാനുദ്ദേശിക്കുന്നത് ; ഇത് സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതി തുക</u>

3486 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതിനകം ചെലവഴിച്ച പദ്ധതി തുക എത്ര ശതമാനമാണെന്ന് വിശദാംശങ്ങളോടെ വെളിപ്പെടുത്തുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഈ വർഷം വകയിരുത്തിയ തുകയും ഇതിനകം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻഫണ്ട്</u>

3487 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് തുക അനുവദിച്ചു നൽകിയിട്ടുണ്ടോ ;

(ബി) പ്ലാൻ ഫണ്ട് ലഭ്യമാക്കാത്തതിനാൽ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം</u>

3488 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി എത്ര രൂപയാണ് അനുവദിച്ച് കൈമാറിയിട്ടുള്ളത് ; ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ ;

(ബി) നഗരസഭകൾക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സംഭാവന നൽകുന്നതിനുള്ള പെർമിസീവ് സാങ്ഷൻ</u>

3489 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2012 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സംഘടനകൾ സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവയ്ക്ക് സംഭാവന നല്കാൻ അനുമതി നല്കിക്കൊണ്ടുള്ള പെർമിസീവ് സാങ്ഷൻ എത്രയെണ്ണം നല്കിയിട്ടുണ്ട്;

(ബി) ഓരോ സാങ്ഷനിലും ആർക്കൊക്കെ എത്ര രൂപ വീതം നല്കാനുള്ള അനുമതിയാണ് നല്കിയിട്ടുളളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ജനകീയാസൂത്രണ പദ്ധതി</u>

3490 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം ഒരു പഞ്ചായത്ത് വാർഡിൽ ഒരു പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി പ്രദേശവും ഭൂരിഭാഗം ഗുണഭോക്താക്കളും ഉൾപ്പെടുന്ന വാർഡിനെയാണോ ഫീസിബിലിറ്റി നൽകുമ്പോൾ പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഗുണഭോക്തൃ കമ്മിറ്റിയും നിർമ്മാണ കമ്മിറ്റിയും വിളിച്ച് ചേർക്കുമ്പോൾ പദ്ധതി പ്രദേശത്തെ വാർഡ് മെമ്പറെ വിവരം അറിയിക്കണമെന്ന നിബന്ധന നിലവിലുണ്ടോ;

(സി) എങ്കിൽ ഇത്തരം പദ്ധതികളിൽ അപാകതയുള്ളതായി പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്</u>

3491 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

അനധികൃതമായി നിർമ്മിച്ച വീടുകൾക്ക് നമ്പർ നൽകാനുള്ള നടപടി

3492 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നിർമ്മിച്ച, 1000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾക്ക് നമ്പർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നമ്പർ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം വീടുകൾക്ക് പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി ചുമത്തുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ഡി) ഇങ്ങനെ താൽക്കാലിക നമ്പർ നൽകുന്നത് പഞ്ചായത്തിന്റെ വരുമാനത്തെ ബാധിക്കുകയും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെടുകയും ചെയ്യുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിലവിലെ നിയമത്തിൽ തന്നെ അനധികൃത കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പരിടാനും നികുതി ചുമത്താനും വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ഗ്രാമയാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

3493 ശ്രീമതി. ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു സംഘടിപ്പിച്ച ഗ്രാമയാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത യാത്രയ്ക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചു;

(സി) ഇതിനുവേണ്ടിയുളള പരസ്യങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു;

(ഡി) പ്രസ്തുത ഗ്രാമയാത്രകൊണ്ട് ഉദ്ദേശിച്ച ഫലം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

എസ്.സി./എസ്.ടി. സർവ്വേ റിപ്പോർട്ട്

3494 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ എസ്.സി/എസ്.ടി സർവ്വെ സ്കീം പ്രകാരമുളള റിപ്പോർട്ട് നല്കി;

(ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർവ്വേ റിപ്പോർട്ട് ആധാരമാക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞുവോ;

(സി) പ്രസ്തുത പദ്ധതിയുടെ ചുമതല നൽകിയവർ കിലയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ചുമതലക്കാർക്ക് സേവനത്തിന് പ്രതിഫലമായി എന്ത് തുക നല്കി;

(ഡി) വൈകി ലഭിക്കുന്ന സർവ്വെ റിപ്പോർട്ട് കൊണ്ടുളള പ്രയോജനം ലഭിക്കില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>'എ-ത്രീ' സംഘടന മുഖേനയുള്ള ആര്‍.ഒ. പ്ലാന്റുകള്‍</u>

3495 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുട്ടനാട് പാക്കേജില്‍ ഉള്‍പ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് എ-ത്രീ എന്ന സംഘടന മുഖാന്തിരം ആര്‍.ഒ പ്ലാന്റുകള്‍ സ്ഥാപിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആര്‍.ഒ പ്ലാന്റുകളുടെ സ്പെസിഫിക്കേഷനും മറ്റ് വിശദവിവരങ്ങളും ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിന് എ-ത്രീ സമര്‍പ്പിച്ചിട്ടുള്ള പ്രോജക്ടിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(ഡി) കളക്ടര്‍ ചെയര്‍മാനായുള്ള പ്രസ്തുത പ്ലാന്റ് നിര്‍മ്മാണത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റിയില്‍ അംഗങ്ങള്‍ ആരൊക്കെയാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>മാലിന്യനിർമ്മാർജ്ജന പദ്ധതിയുടെ പുരോഗതി</u>

3496 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രഖ്യാപിച്ച 2011 ഒക്ടോബർ 2 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം പരിപാടികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) കക്ഷിനേതാക്കളുടെ യോഗത്തിൽ അറിയിച്ചിരുന്നതനുസരിച്ച് ഇതിനായി രൂപപ്പെടുത്തിയ പുത്തൻ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യസംസ്കരണത്തിനായി ഏതെല്ലാം തരത്തിൽ സർക്കാർ സഹായിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

പഞ്ചായത്ത് വകുപ്പിലേക്ക് ജീവനക്കാരുടെ പുനർവിന്യാസം

3497 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യാസത്തിന്റെ ഭാഗമായി വരുന്ന ജീവനക്കാർ പ്രസ്തുത വകുപ്പിൽ എത്ര വർഷത്തെ സേവനം നടത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ നിയമനം ലഭിച്ച് 5 വർഷം പൂർത്തീകരിച്ച എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; പഞ്ചായത്തുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകളിൽ പുതിയ തസ്തിക</u>

3498 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണ കാര്യങ്ങളിൽ കാര്യക്ഷമത കൈവരിക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ പുതിയ തസ്തികകൾ</u>

3499 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1994-ലെ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ പഞ്ചായത്തുകളുടെ ജോലിഭാരവും പദ്ധതിനടത്തിപ്പിലും, ധനവിനിയോഗത്തിലും ഉണ്ടായ വർദ്ധനവിന് അനുസരണമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എന്ത് ക്രമീകരണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) അതിന് അനുസരണമായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടന്റ് തസ്തിക</u>

3500 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2009-ലെ ബഡ്ജറ്റ് പ്രസംഗത്തില്‍ എല്ലാ സ്വയംഭരണ സ്ഥാപനങ്ങളിലും അക്കൗണ്ടന്റ് തസ്തിക അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതു പ്രകാരം തസ്തിക അനുവദിച്ചിട്ടുണ്ടോ ;

(ബി) ബ്ലോക്ക് പഞ്ചായത്തുകളില്‍ അക്കൗണ്ടന്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കില്‍ അനുവദിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ;

(സി) അക്കൗണ്ടന്റ് ഇല്ലാത്തതുമൂലം ബ്ലോക് പഞ്ചായത്തുകളില്‍ ''സാംഖ്യാ'' ഡബിള്‍ എന്‍ട്രി സോഫ്റ്റ്വെയര്‍ ശരിയായ രീതിയില്‍ ഉപയോഗിക്കുന്നതിന് തടസ്സം നേരിടുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ</u>

3501 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിലവിൽ പ്രൊമോഷൻ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് വർഷം വരെയാണ് ഇപ്പോൾ പ്രൊമോഷൻ നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കാൻ നടപടി

3502 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സെറിഫെഡിൽ നിന്നും പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാർ</u>

3503 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ നിന്നും പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടത് എത്ര ജീവനക്കാരാണ് ;

(ബി) അവരെ സെറിഫെഡിലെ സർവ്വീസ് പെൻഷനും സമയബന്ധിത ഗ്രേഡിനും പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ഹോമിയോ ആശുപത്രികളിലെ താല്കാലിക ജീവനക്കാരുടെ നിയമനം</u>

3504 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിലെ എൻ.ആർ.എച്ച്.എം. മുഖേനയുള്ള ഹോമിയോ ആശുപത്രികളിലെ ഡോക്ടർമാരല്ലാത്ത താല്കാലിക ജീവനക്കാരുടെ നിയമനം പഞ്ചായത്ത് മുഖാന്തിരമാണോ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ വേതനം എത്രയെന്നും നൽകുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണോ എന്നും വ്യക്തമാക്കുമോ ;

(സി) ഈ രീതിയിൽ എത്ര ജീവനക്കാർ താല്കാലികമായി ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) താല്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിൽ അധിക തസ്തിക സൃഷ്ടിക്കാനുള്ള നടപടി</u>

3505 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ പ്രതി വർഷം അറുപതിനായിരത്തിൽ പരം ജനനം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ ജനന സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അധികമായി ഒരു ക്ലാർക്കിന്റെയും സൂപ്രണ്ടിന്റെയും തസ്തിക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പുഴ പുറമ്പോക്ക് പതിച്ചുകൊടുക്കുന്നതിനുള്ള തീരുമാനം</u>

3506 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മണിയൂർ ഗ്രാമപഞ്ചായത്ത് പുഴ പുറമ്പോക്ക് പതിച്ചുകൊടുക്കുന്നതിന് തീരുമാനം എടുത്തിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്മേൽ സർക്കാർ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പുഴ പുറമ്പോക്ക് ഭൂമി ഇപ്പോൾ ആരുടെ കൈവശത്തിലാണുള്ളതെന്നും മൊത്തം എത്ര ഹെക്ടർ ഭൂമി പുഴപുറമ്പോക്ക് ഇനത്തിൽ മണിയൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ ആരെങ്കിലും താമസിക്കുന്നുണ്ടോ യെന്നും കൈവശക്കാർക്ക് മറ്റെവിടെയെങ്കിലും ഭൂമി യുണ്ടോയെന്നും അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദ മാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പയ്യോളി ഗ്രാമപഞ്ചായത്ത് കെട്ടിടം</u>

3507 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യോളി ഗ്രാമപഞ്ചായത്ത് ഏതെങ്കിലും കെട്ടിട ഉടമയിൽ നിന്നും കെട്ടിടം വിലയ്ക്കു വാങ്ങിയിരുന്നോ;

(ബി) എങ്കിൽ പഞ്ചായത്തിന്റെ ഏത് ആവശ്യത്തിനാണ് കെട്ടിടം വാങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടമോ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗമോ കെട്ടിട ഉടമ ആർക്കെങ്കിലും വാടകയ്ക്ക് നൽകിയിരുന്നോ എന്നും ആർക്കൊക്കെയാണ് വാടകയ്ക്ക് നൽകിയത് എന്നും ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ പ്രമാണം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് അന്വേഷണം നടത്തിയിരുന്നോ എന്നും വ്യക്തമാക്കുമോ;

(ഡി) ഈ കെട്ടിടം വാടകയ്ക്ക് നൽകിയതിനെക്കുറിച്ചും കെട്ടിടത്തിന്റെ ഉടമാവകാശം സംബന്ധിച്ചും കെട്ടിടത്തിന്റെയും അത് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെയും അസ്സൽ പ്രമാണങ്ങളുടെ നിജസ്ഥിതി സംബന്ധിച്ചും നിയമോപദേശം തേടിയിരുന്നോ എന്നു വ്യക്തമാക്കുമോ;

(ഇ) എങ്കിൽ പ്രസ്തുത നിയമോപദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) കെട്ടിടത്തിന്റെ നിലവിലുള്ള വാടകക്കാരെ അവകാശം തീർത്ത് ഒഴിവാക്കിയതിനു ശേഷമാണോ ഗ്രാമപഞ്ചായത്ത് കെട്ടിടം വാങ്ങിയത് എന്നു വ്യക്തമാക്കുമോ;

(ജി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ കേസുകൾ നിലവിലുണ്ട് എന്നും കേസിൽ ആരൊക്കെയാണ് പ്രതികൾ എന്നും കേസ് നടത്തിപ്പിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വനിതാ പ്രസിഡന്റ് രാജിവെച്ച സംഭവം</u>

3508 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ വനിതാ പ്രസിഡന്റ് രാജി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് പഞ്ചായത്തിലെ പ്രസിഡന്റാണ് രാജി വച്ചിട്ടുള്ളത് ; രാജിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

അംഗൻവാടികളുടെ ഭൗതീക സാഹചര്യം
മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

3509 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗൻവാടികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ബേപ്പൂർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് സ്കീമിൽ അംഗൻവാടി നിർമ്മിക്കാനുള്ള നടപടി</u>

3510 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം സംസ്ഥാനത്ത് എത്ര അംഗൻവാടികൾ നിർമ്മിക്കുകയും പുന:നിർമ്മിക്കുകയും ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഐ.ആർ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി അംഗൻവാടി നിർമ്മിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

മാതൃകാ അംഗൻവാടികൾ സ്ഥാപിക്കാനുള്ള നടപടി

3511 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് എത്ര അംഗൻവാടികൾ സ്ഥാപിച്ചു;

(സി) ബേപ്പൂർ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

3512 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിൽ ഇതിനകം മാതൃകാ അംഗൻവാടികൾ സ്ഥാപിക്കാൻ തീരുമാനിച്ചുവെന്നും അതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടി പദ്ധതി</u>

3513 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന മാതൃകാ അംഗൻവാടി പദ്ധതിയിൽ കൊയിലാണ്ടിയിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നത് ഏത് പഞ്ചായത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ പൂർത്തിയായി എന്നും മാതൃകാ അംഗൻവാടി എന്ന് നിലവിൽ വരും എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

അംഗന്‍വാടികളുടെ പശ്ചാത്തല സൗകര്യ വികസനം

3514 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗന്‍വാടികളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് പുതിയ പദ്ധതികളാവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(ബി) അഞ്ച് സെന്റുള്ള അംഗന്‍വാടികള്‍ക്ക് കെട്ടിടം നിര്‍മ്മിക്കുവാന്‍ നബാര്‍ഡിന്റെ ധനസഹായം ലഭ്യമാണോ; എങ്കില്‍ എത്ര അംഗന്‍വാടികള്‍ക്ക് എത്ര രൂപ വീതം പണം അനുവദിക്കുവാന്‍ ഉദ്ദേശിക്കുന്നു :

(സി) ഇതിന്റെ പ്രവര്‍ത്തനം എന്നത്തേക്ക് തുടങ്ങാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി

3515 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടികളുടെ നവീകരണത്തിന് കേന്ദ്രസർക്കാരുമായി ചേർന്നുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) സംസ്ഥാനത്ത് കെട്ടിടമില്ലാത്ത അംഗൻവാടികളുടെ ലിസ്റ്റ് നിയോജകമണ്ഡലം തിരിച്ച് ആവശ്യപ്പെട്ടിരുന്നിട്ടും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത നിരവധി അംഗൻവാടികൾ ഉണ്ടെന്നിരിക്കെ ഒരു നിയോജകമണ്ഡലത്തിൽ കെട്ടിടമില്ലാത്തതും അഞ്ച് സെന്റിലധികം സ്ഥലം സ്വന്തമായി ഉള്ളതുമായ അംഗൻവാടികളിൽ ഏഴെണ്ണത്തിന്റെ പേരുകളാണ് നിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടിരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വന്തമായി അഞ്ചുസെന്റും അതിൽ കൂടുതലും ഭൂമിയുള്ള അംഗൻവാടികൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുവാൻ സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അംഗൻവാടികൾക്കും ലഭ്യമായ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ പ്ലാനുകൾ തയ്യാറാക്കി അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നഗരൂർ ഗ്രാമപഞ്ചായത്തിലെ മാതൃക<br>അംഗൻവാടിയുടെ നിർമ്മാണം</u>

3516 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാതൃക അംഗൻവാടിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അംഗൻവാടികൾ</u>

3517 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വിവിധ വികസന ബ്ലോക്കുകളിലായി എത്ര അംഗൻവാടികൾ നിലവിലുണ്ടെന്നും ഇതിൽ എത്ര ജീവനക്കാരുടെ ഒഴിവുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ അംഗൻവാടികളിലെ ജീവനക്കാർ</u>

3518 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ, അംഗൻവാടികളിൽ താൽക്കാലിക വർക്കർമാരായി പ്രവർത്തിച്ചിരുന്ന എത്ര പേർക്ക് സ്ഥിര നിയമനം അനുവദിച്ചിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ, പത്താം ക്ലാസ്സ് യോഗ്യത നേടിയ എത്ര ഹെൽപ്പർമാർക്ക് വർക്കർമാരായി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്;

(സി) അംഗൻവാടി വർക്കർമാരായി സ്ഥിരനിയമനം നൽകുന്നതിന് താൽക്കാലിക വർക്കർമാർ പത്താം ക്ലാസ്സ് യോഗ്യത നേടിയ ഹെൽപ്പർമാർ എന്നിവർക്ക് ഏതെങ്കിലും ആനുപാതിക ക്രമം പാലിക്കപ്പെടണമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ടിൽ അംഗനവാടി വർക്കർമാരായി സ്ഥിരനിയമനം ലഭിക്കാൻ അർഹതയുള്ളവരുടെ മുൻഗണനാലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്</u>

3519 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അംഗൻവാടി ജീവനക്കാർക്കുള്ള വേതനത്തിലും പെൻഷനിലും ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഏതെല്ലാം തരത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ബാങ്കുകൾ വഴി ക്ഷേമ പെൻഷനുകൾ

3520 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ബാങ്കുകൾ വഴി കൈപ്പറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പെൻഷനുകൾ നേരിട്ട് നല്കുന്നതിന് നിലവിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പെൻഷൻകാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് ക്ഷേമ പെൻഷനുകൾ നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ശാരീരിക - മാനസിക വൈകല്യമുള്ളവർക്കുള്ള പെൻഷൻ</u>

3521 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ, ബാങ്ക് / പോസ്റ്റാഫീസ് മുഖേന നൽകാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ബാങ്ക്, പോസ്റ്റാഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ എത്തുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ചിട്ടുണ്ടോ ;

(സി) നിലവിൽ പെൻഷൻ നൽകുന്ന രീതി തുടരുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വികലാംഗ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

3522 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പിതാവ് /മാതാവ്, ഭാര്യ/ഭർത്താവ്, മകൻ എന്നീ ബന്ധുക്കൾ അപേക്ഷകന് ഉണ്ടാകുകയും അവരുടെ പ്രതിമാസവരുമാനം 100 രൂപയിൽ അധികവുമാണെങ്കിൽ നിയമപ്രകാരം പെൻഷൻ അനുവദിക്കുന്നതിന് തടസ്സമുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥ ഒഴിവാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ഡി) ബന്ധുക്കളുണ്ടോയെന്നത് കണക്കിലെടുക്കാതെ, അപേക്ഷകരുടെ വാർഷികവരുമാനം ഇരുപതിനായിരം രൂപയോ അതിൽ താഴെയോ ആണെങ്കിലും, മറ്റെല്ലാ മാനദണ്ഡങ്ങളും പ്രകാരം അർഹതയുണ്ടെങ്കിലും വികലാംഗ പെൻഷൻ അനുവദിക്കത്തക്ക തരത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുമോ ?

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷനുകളുടെ വിതരണം</u>

3523 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് വിതരണം ചെയ്ത ക്ഷേമപെൻഷനുകളുടെ ഗഡു, തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ :

(ബി) ഈയിനത്തിൽ ഓരോ വിഭാഗത്തിലുമുള്ള കുടിശ്ശിക, ഗഡു, തുക എന്നിവ ഇനംതിരിച്ച് വിശദമാക്കുമോ ?

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ആശ്രിത പെൻഷൻ നൽകുന്നതിനുള്ള തടസ്സം

3524 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ മുനിസിപ്പിലാറ്റിയായി ഉയർത്തപ്പെട്ട നീലേശ്വരം ഗ്രാമപഞ്ചായത്തിലെ പി. ടി. നഴ്സറി ടീച്ചറായി വിരമിച്ച മാലതി. കെ.യുടെ മരണത്തെ തുടർന്ന് മകൾ ഗീതയ്ക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ഐ. ജി. എം. എസ്.വൈ. കേന്ദ്ര പദ്ധതി</u>

3525 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും പോഷണ കുറവ് പരിഹരിക്കാനുള്ള പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്തിട്ടുണ്ടോ ; ഇപ്പോഴുള്ള പദ്ധതികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ബി) ഐ. ജി. എം. എസ്.വൈ കേന്ദ്ര പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുമോ ; ഏതെല്ലാം ജില്ലകളെയാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത് ; മാനദണ്ഡമനുസരിച്ച് അർഹതയുള്ള മറ്റു ജില്ലകൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; അതിനായി എന്തെല്ലാം ശ്രമങ്ങൾ നടത്തുകയുണ്ടായി; വിശദമാക്കാമോ ;

(സി) പോഷകാഹാരക്കുറവ് പരിഹരിക്കാൻ മറ്റെന്തെങ്കിലും പുതിയ പദ്ധതി പരിഗണനയിലുണ്ടോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>സാമൂഹ്യ ക്ഷേമ പദ്ധതികൾ</u>

3526 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമുഹ്യക്ഷേമ വകുപ്പിനു കീഴിൽ ഇപ്പോൾ എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; എത്ര രൂപ വീതമാണ് ക്ഷേമ പെൻഷനുകൾ നല്കുന്നത്; വിശദാംശം നൽകാമോ;

(ബി) ഇപ്പോൾ ഏതെങ്കിലും ക്ഷേമ പെൻഷനുകൾ നൽകാൻ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതികൾ</u>

3527 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ - സാമൂഹ്യക്ഷേമ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമായി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>സംയോജിത ശിശുവികസന പദ്ധതി</u>

3528 ശ്രീ. വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ശിശുവികസന പദ്ധതി ആരംഭിച്ചതെന്നാണെന്ന് അറിയിക്കുമോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള അവലോകനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ ലക്ഷ്യം കൈവരിച്ചതായി അഭിപ്രായമുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ സ്ഥിര ജീവനക്കാർ എത്രയാണെന്ന് അറിയിക്കുമോ; മറ്റുള്ളവരെ സ്ഥിരം ജീവനക്കാരാക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇതിൽ മിനിമം വേതനം ലഭിക്കാത്ത എത്ര പേരുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് യഥാസമയം ഫണ്ട് ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ശിശുക്ഷേമസമിതിയുടെ പ്രവർത്തനം</u>

3529 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് ലഭിക്കാത്തതിനാൽ സംസ്ഥാന ശിശുക്ഷേമസമിതി കടുത്ത പ്രതിസന്ധി നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾക്കായി ഓരോജില്ലയ്ക്കും എന്ത് തുക വീതമാണ് നടപ്പുസാമ്പത്തികവർഷം അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) അതിൽ എത്ര വീതം ഓരോ ജില്ലയ്ക്കും ലഭ്യമാക്കി എന്നും എത്ര ലഭ്യമാക്കാനുണ്ട് എന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

ശിശുക്ഷേമ സമിതിക്ക് ഗ്രാന്റ്

3530 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിക്ക് സർക്കാർ ഈ സാമ്പത്തിക വർഷം ഗ്രാന്റ് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ക്രെഷുകളിൽ കുട്ടികൾക്ക് പായ, തലയണ, ഇരിപ്പിടം, കളിപ്പാട്ടം എന്നിവ ഈ വർഷം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അംഗൻവാടി പരിശീലന കേന്ദ്രങ്ങളിലും ബാലസേവിക പരിപാടി പ്രകാരവും ഈ വർഷം നടന്ന പരിപാടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>'തന്റേടം' ജന്റർ പദ്ധതി</u>

3531 ശ്രീ. എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'തന്റേടം' ജന്റർ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് വേണ്ടത്ര പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തുടനീളം വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>തന്റേടം ജൻഡർ പാർക്ക് പദ്ധതി</u>

3532 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. ചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് നൽകിവരുന്ന സേവനങ്ങൾ ഫലപ്രദവും ക്ഷേമകരവുമായി നടപ്പാക്കാൻ തയ്യാറാകുമോ;

(ബി) 'തന്റേടം ജൻഡർ പാർക്ക് പദ്ധതി' ഈ രംഗത്ത് ലക്ഷ്യം വയ്ക്കുന്നത് എന്തൊക്കെയാണ്; ഈ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എന്തു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(സി) മുൻ സർക്കാർ നൽകി വന്നിരുന്ന സേവനങ്ങൾക്ക് പുറമേ കൂടുതലായി നൽകാനുദ്ദേശിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ജെന്റർ പാർക്കുകൾ

3533 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജെന്റർ പാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മുതിർന്ന പൗരൻമാരുടെ സെൻസസും വിവരശേഖരണവും</u>

3534

ശ്രീ. സി. മോയിൻകുട്ടി
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ സെൻസസും വിവരശേഖരണവും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) അവരിൽ സർക്കാരിൽ നിന്ന് സഹായം ആവശ്യമുള്ളവർ, ആവശ്യമില്ലാത്തവർ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാണോ;

(സി) അവരിൽ പരിചയസമ്പന്നർ, വിദ്യാസമ്പന്നർ, സാമൂഹ്യസേവന തല്പരർ, ഗവേഷണ പ്രവർത്തന തല്പരർ എന്നിവരുടെ ഡാറ്റാ ബാങ്ക് ഉണ്ടാക്കി അവരുടെ കഴിവുകൾ സമൂഹത്തിനു വേണ്ടി വിനിയോഗിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

അഗതിമന്ദിരങ്ങളുടേയും അനാഥാലയങ്ങളുടേയും നിലവാരം ഉയർത്തുവാൻ നടപടി

3535 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗതി മന്ദിരങ്ങളുടേയും അനാഥാലയങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) അഗതി മന്ദിരങ്ങളിലും അനാഥാലയങ്ങളിലും താമസിക്കുന്ന അന്തേവാസികളുടെ ജീവിത നിലവാരം ഉയർത്താൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ ; ഇവയ്ക്കുള്ള വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അഗതി-അനാഥാലയ മന്ദിരങ്ങളുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വയോമിത്രം പരിപാടി</u>

3536 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006ൽ നിലവിൽ വന്ന വയോജന നയം പരിഷ്ക്കരിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ വയോജന നയത്തിന്റെ ഭാഗമായി ഏതെല്ലാം ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ട് ; പുതുതായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) വയോജനങ്ങൾക്കുള്ള വയോമിത്രം പരിപാടി വഴി മൊബൈൽ ആശുപത്രി ഏർപ്പെടുത്തുന്ന നടപടി ഏത് ഘട്ടത്തിലാണ് ;

(ഡി) വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം നൽകി വരുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>കോമൺ മാര്യേജ് ആക്ട്</u>

3537 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോമൺ മാര്യേജ് ആക്ട് പ്രകാരം പഞ്ചായത്തുകളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വിവാഹം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഈടാക്കുന്ന ഫീസ് എത്രയാണ്;

(സി) നിശ്ചിത ഫീസിൽ കൂടുതൽ തുക ഏതെങ്കിലും പഞ്ചായത്ത് ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോമൺ മാര്യേജ് ആക്ട് നിലവിൽ വന്നതെന്നാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ചിൽഡ്രൻസ് ഹോമുകളുടെ നവീകരണം

3538 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളുടെ നവീകരണത്തിന് 40 കോടിരൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ അതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

ഓർഫനേജുകളുടെ പ്രവർത്തനം

3539 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓർഫനേജുകളുടെ പ്രവർത്തനം നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും ആയത് എങ്ങനെ നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) ഓർഫനേജുകളിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാചകവാതകം നൽകുന്ന കാര്യത്തിലും ഇതാണ് സ്ഥിതിയെന്ന് മനസ്സിലായിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നിലവിൽ എത്ര ഓർഫനേജുകൾ പ്രവർത്തിക്കുന്നുവെന്നും ആയതിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(എഫ്) ഓർഫനേജിലെ അന്തേവാസികളുടെ വിവാഹ ധനസഹായമായി ഇപ്പോൾ എന്ത് തുക നൽകിവരുന്നു : ആയത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ജി) ഓർഫനേജിലെ അന്തേവാസികളായി പഠിക്കുന്ന മിടുക്കരായ കുട്ടികളെ കണ്ടെത്താനും, അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പെയിൻ ആന്റ് പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ശമ്പളം</u>

3540 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ശമ്പളം ഇതുവരെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശമ്പളം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

‘ആശ’ വർക്കർമാരുടെ ഓണറേറിയം സംബന്ധിച്ച്

3541 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘ആശ’ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കുത്തിവെയ്പിന് 5 കുട്ടികൾ ഇല്ലാത്തതിന്റെ പേരിൽ ഓണറേറിയം തടഞ്ഞു വെയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓണറേറിയം അനുവദിക്കുന്നതിന് എല്ലാ നിബന്ധനകളും പാലിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ടോ ;

(ഡി) ഭൂരിപക്ഷം നിബന്ധനകളും പാലിക്കുന്ന ആശാ വർക്കർമാർക്ക് ഓണറേറിയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ജാഗ്രതാ സമിതികൾ</u>

3542

ശ്രീ. ബെന്നി ബെഹനാൻ
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ വനിതാ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ജാഗ്രതാ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്ത്രീകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ജാഗ്രതാ സമിതി നടത്തുവാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വനിതാനയം നടപ്പിലാക്കൽ</u>

3543 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളുടെ സംരക്ഷണത്തിനായി വനിതാനയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളെക്കുറിച്ച് വിശദാംശം നൽകാമോ ;

(സി) വനിതകളുടെ സംരക്ഷണം മുൻനിർത്തി എല്ലാ ജില്ലകളിലും വൺഡേ ഹോമുകളും, ഷോർട്ട് സ്റ്റേ ഹോമുകളും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കും ;

(ഇ) പ്രസ്തുത ഹോമുകളിൽ ജീവനക്കാരായി വനിതകളെ മാത്രം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

വനിതാ വികസന കോർപ്പറേഷനിൽ അഴിമതി

3544 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിൽ അഴിമതി നടക്കുന്നതിനെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, കോർപ്പറേഷൻ ചെയർപേഴ്സൺ ശ്രീമതി ഖമറുന്നീസ മുഖ്യമന്ത്രിയ്ക്കും പഞ്ചായത്ത് വകുപ്പ് മന്ത്രിയ്ക്കും പരാതി നല്കിയിട്ടുണ്ടോ ; ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന പരാതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ;

(ബി) പരാതിക്കാരിയായ ചെർപേഴ്സൺ ഖമറുന്നീസയെ തൽസ്ഥാനത്ത് നിന്നും നീക്കുകയുണ്ടായോ ; എങ്കിൽ, അവർ അറിയാതെ അവരെ തൽസ്ഥാനത്തുനിന്നും മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>ഫാസ്റ്റ് ട്രാക്ക് കോടതികൾ</u>

3545 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച നിർഭയ പദ്ധതി പ്രകാരം ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കുമെന്ന് വെളിപ്പെടുത്തുമോ; ഇതിനായി നീക്കിവച്ച 1.30 കോടി രൂപയിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

സുനാമി ദുരന്തത്തിൽപ്പെട്ട വികലാംഗരുടെ ലോൺ എഴുതിത്തള്ളുന്നത് സംബന്ധിച്ച്

T 3546 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട വികലാംഗർ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ വഴി ലോൺ എടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഏറെ പ്രയാസങ്ങളും കഷ്ടതകളും അനുഭവിക്കുന്ന ഇവരുടെ ലോൺ എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>'കില' നടത്തിയ എസ്.സി/എസ്.റ്റി സർവ്വേ സ്കീം</u>

3547 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ എസ്.സി/എസ്.റ്റി സർവ്വേ സ്കീം 'കില' യെ ഏൽപ്പിച്ചിരുന്നോ;

(ബി) എങ്ങനെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെയാണ് സ്വരൂപിച്ചത്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ എത്ര രൂപ നൽകി; മറ്റ് ഏജൻസികൾ/സ്ഥാപനങ്ങൾ എത്ര തുക നൽകി;

(ഡി) സർവ്വേ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്; എത്ര പ്രാവശ്യം കാലാവധി നീട്ടിനൽകി;

(ഇ) സർവ്വേയുടെ മേൽനോട്ട ചുമതല ആർക്കാണ് നൽകിയത്;

(എഫ്) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 12.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.